# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 612 — 09/07/2013-ൽ മറുപടിക്ക്

### അണക്കെട്ട് പ്രദേശത്തുള്ള പട്ടികവർഗ്ഗക്കാർക്ക് മത്സ്യബന്ധനാവകാശം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ആർ. സെൽവരാജ് :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. എ.റ്റി. ജോർജ്ജ്:<br>ശ്രീ. അൻവർ സാദത്ത്: | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
| എ | സംസ്ഥാനത്ത് അണക്കെട്ട് പ്രദേശത്തുള്ള പട്ടികവർഗ്ഗക്കാർക്ക് മത്സ്യബന്ധനാവകാശം ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ | തീരുമാനിച്ചിട്ടുണ്ട്. ടി പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് മത്സ്യ തുറമുഖ വകുപ്പുമായി ചേർന്നാണ് നടപ്പാക്കി വരുന്നത്. |
| ബി | ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | ബി | കേരളത്തിലെ റിസർവോയറുകളിൽ മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിച്ച് അണക്കെട്ട് പ്രദേശത്ത് താമസിക്കുന്ന പട്ടികവർഗ്ഗക്കാരെ ഉൾപ്പെടുത്തി സഹകരണ സംഘം രൂപീകരിച്ച് മത്സ്യബന്ധനാവകാശം നൽകി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക, അണക്കെട്ടുകളിലെ മത്സ്യ ഉത്പാദനവും, ഉത്പാദന ക്ഷമതയും വർദ്ധിപ്പിക്കുക എന്നതുമാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. |
| സി | പട്ടികവർഗ്ഗക്കാർക്ക് അണക്കെട്ടുകളിൽ മത്സ്യം നിക്ഷേപിക്കാനും, മത്സ്യ ബന്ധനത്തിനും എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | സി | 20.06.2013 ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗതീരുമാന പ്രകാരം **(അനുബന്ധമായി ചേർത്തിരിക്കുന്നു)** പട്ടികവർഗ്ഗ മത്സ്യതൊഴിലാളി സഹകരണ സംഘത്തിലെ അംഗങ്ങൾക്ക് മത്സ്യ ബന്ധനത്തിനുള്ള അനുവാദം നൽകാനുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ വനം വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരം സഹകരണ സംഘത്തിലെ അംഗങ്ങൾക്ക് ബയോമെട്രിക് കാർഡ് നൽകുന്നതിനായി ഫിഷറീസ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി | പ്രസ്തുത പ്രവർത്തനങ്ങൾക്ക് ഏതൊക്കെ വകുപ്പുകളുമായാണ് സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | ഡി | ടി പ്രവർത്തനങ്ങൾക്കായി പട്ടികവർഗ്ഗ വികസന വകുപ്പും, ഫിഷറീസ് വകുപ്പും സഹകരിച്ചാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്. വനം വകുപ്പ്, ഇറിഗേഷൻ, കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ്, വാട്ടർ അതോറിറ്റി എന്നിവയുടെ ഉടമസ്ഥതയിലാണ് റിസർവോയറുകൾ വരുന്നത്. പ്രാഥമികമായി വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള റിസർവോയറുകളിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. മത്സ്യ ബന്ധനാവകാശം നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കേണ്ടത് വനം വകുപ്പും, ടി തൊഴിലാളികൾക്ക് ബയോമെട്രിക് കാർഡ് നൽകുന്നത് ഫിഷറീസ് വകുപ്പുമാണ്. ടി പദ്ധതി ബന്ധപ്പെട്ട മത്സ്യ കർഷക വികസന ഏജൻസി മുഖാന്തിരവും നടപ്പാക്കി വരുന്നു.<br><br>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മത്സ്യ ബന്ധന തൊഴിലാളികൾക്ക് മത്സ്യ ബന്ധനോപാധികളായ വള്ളം, വല തുടങ്ങിയവ വാങ്ങുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് 24/03/2012 ലെ പി.എം/ - 5967/11(1) നമ്പർ ഉത്തരവ് പ്രകാരം 34 ലക്ഷം രൂപ ഫിഷറീസ് വകുപ്പിന് അനുവദിച്ചു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

***20.06.2013-ൽ അണക്കെട്ടുകളിൽ മത്സ്യം നിക്ഷേപിക്കുന്നതിനും മത്സ്യബന്ധനം നടത്തുന്നതിനും വേണ്ടി ഫിഷറീസ്, വനം, ഇറിഗേഷൻ, വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി, പട്ടികവർഗ്ഗം, ബയോ ഡൈവേഴ്സിറ്റി ബോർഡ്, എന്നീ വകുപ്പുകളുമായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ മിനിട്ട്സ്.***

കേരളത്തിലെ എല്ലാ റിസർവോയറുകളിലും മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനും, അണക്കെട്ടുപ്രദേശത്തുള്ള പട്ടികവർഗ്ഗക്കാർക്ക് ഉപജീവനത്തിനായി മത്സ്യബന്ധനാവകാശം ലഭ്യമാക്കുന്നതിനും, അണക്കെട്ടുകളിൽ കൂടുകൃഷി, മത്സ്യഹാച്ചറി എന്നിവ സ്ഥാപിക്കുന്നതിനും വേണ്ടിയും, ഇതു സംബന്ധിച്ച് നിലവിലുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുമായി ഫിഷറീസ്, വനം, ഇറിഗേഷൻ, വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി, പട്ടികവർഗ്ഗം, ബയോ ഡൈവേഴ്സിറ്റി ബോർഡ് എന്നീ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരുടെ ഒരു മീറ്റിംഗ് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹു. ഫിഷറീസ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും 20.06.2013ന് ഉച്ചയ്ക്ക് 12 മണിക്ക് ബഹു. മുഖ്യമന്ത്രിയുടെ ഓഫീസ് ചേംബറിൽ കൂടുകയുണ്ടായി.

31.08.2011-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അണക്കെട്ടുകളിൽ മത്സ്യനിക്ഷേപം നടത്തുന്നതിനും, മത്സ്യബന്ധനാവകാശം നൽകുന്നതിനുമുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്ത് എടുത്ത തീരുമാനങ്ങളിലെ നിർവ്വഹണപുരോഗതിയുടെ തുടർനടപടിയെന്ന നിലയ്ക്കാണ് ഈ യോഗം കൂടുന്നതെന്ന് ബഹു. ഫിഷറീസ് വകുപ്പ് മന്ത്രി അറിയിക്കുകയുണ്ടായി. *Reservoir Fisheries Development Programme* എന്ന പദ്ധതിയിൽ കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച ഫണ്ട് പൂർണ്ണതോതിൽ വിനിയോഗിക്കുന്നതിനും അണക്കെട്ടുകളിൽ മത്സ്യബന്ധനാവകാശം ലഭ്യമാക്കുന്നതിനും വേണ്ടി വിശദമായ ചർച്ച നടത്തി താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

**അജണ്ട-I**

1. **അണക്കെട്ടുപ്രദേശത്തു താമസിക്കുന്ന പട്ടിക വർഗ്ഗക്കാരായ ആളുകൾക്ക് ഉപജീവനത്തിനായി മത്സ്യം പിടിക്കുന്നതിന് അവകാശം നൽകുന്നതിനുള്ള ഉത്തരവ്.**

***തീരുമാനം***

വനംവകുപ്പിന്റെ അധീനതയിലുള്ള അണക്കെട്ടുപ്രദേശത്ത് താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് മത്സ്യം പിടിച്ച് ഉപജീവനം

നടത്തുന്നതിനായി ടിയാളുകളെ ഫിഷറീസ് വകുപ്പ് രൂപീകരിച്ച മത്സ്യത്തൊഴിലാളി സഹകരണ സംഘത്തിലെ അംഗങ്ങളാക്കി ആപ്രകാരം അണക്കെട്ട് പ്രദേശത്ത് താമസിക്കുന്നവരും മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങളിൽ അംഗങ്ങളായവരും ആയ പട്ടികവർഗ്ഗക്കാർക്ക് മത്സ്യബന്ധനം നടത്തുന്നതിന് അനുവാദം നൽകുന്നതാണ്. ഇതിനാവശ്യമായ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാൻ വനംവകുപ്പിനെ ചുമതലപ്പെടുത്തി. ഇത്തരം സംഘങ്ങളിലെ അംഗങ്ങൾക്ക് ബയോമെട്രിക് കാർഡ് നൽകുന്നതിന് ഫിഷറീസ് വകുപ്പ് നടപടിയെടുക്കേണ്ടതാണ്.

**<u>അജണ്ട-2</u>**

**കേരളത്തിലെ അണക്കെട്ടുകളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള ഉത്തരവ്..**

*തീരുമാനം*

കേരളത്തിലെ സാങ്ചറി അണക്കെട്ടുകളായി പ്രഖ്യാപിക്കപ്പെട്ട നെയ്യാർ, പേപ്പാറ, ഇടുക്കി, പെരിയാർ, പറമ്പിക്കുളം എന്നിവ ഒഴിച്ചുള്ള മറ്റ് റിസർവോയറുകളിൽ ഇന്ത്യൻ മേജർ കാർപ്പ് ഇനത്തിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കാൻ തീരുമാനിച്ചു. നെയ്യാർ, ഇടുക്കി, പെരിയാർ, പറമ്പിക്കുളം റിസർവോയറുകളിൽ ആറ്റുകൊഞ്ചുൾപ്പെടെയുള്ള തദ്ദേശീയ മത്സ്യ/ചെമ്മീൻ ഇനങ്ങളെ നിക്ഷേപിക്കാൻ തീരുമാനിച്ചു. കുടിവെള്ള സ്രോതസ്സായി ഉപയോഗിക്കുന്ന പേപ്പാറയിൽ തൽക്കാലം മത്സ്യകുഞ്ഞ് നിക്ഷേപം നടത്തേണ്ടതില്ലായെന്നും തീരുമാനിച്ചു. ഇക്കാര്യങ്ങൾക്കായി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഫിഷറീസ് വകുപ്പിനെ ചുമതലപ്പെടുത്തി.

**<u>അജണ്ട-3</u>**

**ഭൂതത്താൻകെട്ടിൽ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് പുതിയ Multi species Eco-hatchery സ്ഥാപിക്കുന്നതിനുള്ള ഉത്തരവ്.**

*തീരുമാനം*

ഭൂതത്താൻകെട്ടിൽ ഇറിഗേഷൻ വകുപ്പിൻെറ അധീനതയിലുള്ള പ്രദേശത്ത് ഒരു മൾട്ടിസ്പീഷിസ് എക്കോ ഹാച്ചറി സ്ഥാപിക്കുന്നതിന് മത്സ്യവകുപ്പിന് അനുവാദം നൽകാൻ തീരുമാനിച്ചു. പദ്ധതിക്ക് ആവശ്യമായ കരപ്രദേശവും, ജലാശയവും സംബന്ധിച്ച് ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരും, ഇറിഗേഷൻ വകുപ്പിലെ ഉദ്യോഗസ്ഥരും സംയുക്തമായി സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ

ചുമതലപ്പെടുത്തി. അനുവാദം അങ്ങനെ സംയുക്തമായി ശുപാർശ ചെയ്യുന്ന സ്ഥലത്തിന് മാത്രമായിരിക്കും.

**അജണ്ട-4**

**മലമ്പുഴ, പഴശ്ശി റിസർവോയറുകളിൽ കൂടുകൃഷിക്കുള്ള (Cage Fish Farming) അനുവാദം**

*തീരുമാനം*

ഇറിഗേഷൻ വകുപ്പിൻെറ അധീനതയിലുള്ള പഴശ്ശി റിസർവോയറിൽ പായം പഞ്ചായത്തിലെ 14ാം വ്വാർഡിൽ ഉൾപ്പെടുന്ന കപ്പച്ചേരി പ്രദേശത്തും മലമ്പുഴ റിസർവോയറിൽ ഇറിഗേഷൻ വകുപ്പ് അസിസ്റ്റൻറ് എഞ്ചിനീയറുടെ കാര്യാലയത്തിൻെറ വടക്ക് കിഴക്ക് ഭാഗത്തുള്ള (പവലിയന് വടക്ക് ഭാഗം) ജലപ്രദേശത്ത് കൂടുകളിലെ മത്സ്യകൃഷിക്കായി ഓരോ ഹെക്ടർ വീതം സ്ഥലം അനുവ്ദിക്കുന്നതിന് തീരുമാനിച്ചു.

കേന്ദ്രസർക്കാർ പദ്ധതിക്കാവശ്യമായ പണം ഇതിനകം തന്നെ അനുവദിച്ച് നൽകിയതിനാൽ മേൽസൂചിപ്പിച്ച പ്രദേശങ്ങളിൽ പദ്ധതി ഉടൻ ആരംഭിക്കേണ്ട താണെന്നും ആവശ്യമായ ഉത്തരവുകൾ ബന്ധപ്പെട്ട ഇറിഗേഷൻ വകുപ്പ് പുറപ്പെടുവിക്കേണ്ടതാണെന്നും തീരുമാനിച്ചു.

യോഗം കൃത്യം ഉച്ചയ്ക്ക് ഒരു മണിക്ക് അവസാനിച്ചു.

(ഒപ്പ്)
മുഖ്യമന്ത്രി.

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

S.O.